പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *239 — 19.03.2015 ൽ മറുപടിക്ക്.

# അന്യസംസ്ഥാന തൊഴിലാളികളുടെ സംരക്ഷണവും ആനുകൂല്യങ്ങളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. മോയിൻ കുട്ടി :<br>ശ്രീ. കെ. എൻ. എ. ഖാദർ :<br>ശ്രീ. കെ. എം. ഷാജി :<br>ശ്രീ. എം. ഉമ്മർ : | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) അന്യസംസ്ഥാന തൊഴിലാളികളെ സംസ്ഥാനത്ത് എത്തിച്ച് ഇടനിലക്കാർ പണം കൊയ്യുന്നുവെന്നും അവർക്ക് മിതമായ സൗകര്യങ്ങൾപോലും നൽകുന്നില്ലെന്നുമുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇക്കാര്യത്തിൽ തൊഴിൽ വകുപ്പ് ഇടപെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) അന്യസംസ്ഥാന തൊഴിലാളികൾക്ക് മിതമായ സൗകര്യം പോലും നൽകാതെ ഇടനിലക്കാർ പണം കൊയ്യുന്നുവെന്ന റിപ്പോർട്ടുകളിന്മേൽ തൊഴിൽ വകുപ്പ് ശക്തമായി ഇടപെട്ടിട്ടുണ്ട്. 1979–ലെ ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സ് ആക്ട് പ്രകാരം അന്യസംസ്ഥാന തൊഴിലാളികളെ ജോലി ചെയ്യിപ്പിക്കുന്നതിനാവശ്യമായ രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ തൊഴിലുടമയേയും കരാറുകാരനേയും കൊണ്ട് നിർബന്ധമായും എടുപ്പിച്ച് ടി തൊഴിലാളികൾക്ക് നിയമാനുസൃതമായി ലഭിക്കേണ്ട എല്ലാ സൗകര്യങ്ങളും പരിരക്ഷയും ഉറപ്പുവരുത്തുന്നതിനായി റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർ, ജില്ലാ ലേബർ ഓഫീസർമാർ എന്നിവരുടെ നേതൃത്വ |

ത്തിൽ ശക്തമായ പരിശോധനകൾ നടത്തിവരുന്നുണ്ട്. ഇപ്രകാരം 2014 വർഷത്തിൽ, മേൽ നിയമപ്രകാരം സംസ്ഥാന വ്യാപകമായി 912 പരിശോധനകൾ നടത്തുകയും കണ്ടെത്തിയ നിയമലംഘനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) അന്യസംസ്ഥാന തൊഴിലാളികൾക്ക് നിയമപ്രകാരമുള്ള സംരക്ഷണവും ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ആവശ്യമായ നിർദ്ദേശം നൽകുമോ?

(സി) അന്യസംസ്ഥാന തൊഴിലാളികൾക്ക് 1979–ലെ ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സ് ആക്ട്, 1996–ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവീസ് ആക്ട് എന്നിവ പ്രകാരമുള്ള ആനുകൂല്യങ്ങളും സംരക്ഷണവും ഉറപ്പുവരുത്തുവാൻ സംസ്ഥാന തൊഴിൽ വകുപ്പിലെ പ രിശോധന ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ആഫീസർ.